**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3443** **02-03-2023 - ൽ മറുപടിയ്ക്ക്**

**തരൂർ മണ്ഡലത്തിലെ ആർ.ഐ.ഡി.എൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (2016 മുതൽ) തരൂർ മണ്ഡലത്തിൽ ആർ.ഐ.ഡി.എൽ-ൽ ഉൾപ്പെടുത്തിയ ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2016 മുതൽ) പാലക്കാട് ജില്ലയിലെ തരൂർ നിയോജക മണ്ഡലത്തിൽ RIDF XX ഘട്ടത്തിൽ വരൾച്ചാ നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കുത്തനൂർ പഞ്ചായത്തിലെ മാറോണിച്ചോല കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. 19,40,000 രൂപ അടങ്കൽ തുകയുള്ള പദ്ധതിയിൽ 17,11,999 രൂപ ചെലവഴിച്ച് 2017- ൽ പദ്ധതി പൂർത്തീകരിച്ചു. |
| (ബി) | ആർ.ഐ.ഡി.എൽ-ൽ ഉൾപ്പെടുന്ന പദ്ധതികളും അവയുടെ നിർവ്വഹണവും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | വെള്ളപ്പൊക്കവും കാർഷിക വരൾച്ചയും പരിമിതപ്പെടുത്തുവാനും കാർഷികോത്പാദനം വർദ്ധിപ്പിക്കുവാനും ലക്ഷ്യമിട്ടുകൊണ്ടുള്ള നീർത്തടാടിസ്ഥാനത്തിലുള്ള പദ്ധതികളും, പാടശേഖരങ്ങളുടെ സംരക്ഷണത്തിനുള്ള നീർച്ചാൽ സംരക്ഷണ വെള്ളപ്പൊക്ക നിവാരണ പദ്ധതികളുമാണ് മണ്ണ് ജല സംരക്ഷണാർത്ഥം RIDF ൽ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് നിർവ്വഹിച്ചു വരുന്നത്. നീർത്തട പദ്ധതികളിൽ കാർഷിക ഭൂമിയിലെ പ്രവൃത്തികളും നീർച്ചാലുകളുടെ സംരക്ഷണ പ്രവൃത്തികളുമാണ് നിർവ്വഹിക്കുന്നത്. കാർഷിക ഭൂമിയിലെ പ്രവർത്തനങ്ങൾ വ്യക്തിഗത ഗുണഭോക്താക്കളുടെ പുരയിടങ്ങളിൽ ഗുണഭോക്താവ് നേരിട്ടോ ഗുണഭോക്തൃ കമ്മിറ്റി മുഖേനയോ ആണ് നിർവ്വഹിക്കുന്നത്. നീർച്ചാലുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഗുണഭോക്തൃ കമ്മിറ്റി മുഖേനയാണ് നിർവ്വഹിച്ചുവരുന്നത്. പദ്ധതി പ്രദേശത്ത് അധിവസിക്കുന്ന ഗുണഭോക്താക്കളിൽ നിന്ന് തിരഞ്ഞെടുക്കുന്ന ഒരു ഗുണഭോക്തൃ കമ്മിറ്റിയാണ് പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്നത്. RIDF XXIV ഘട്ടം മുതൽ പൊതു പ്രവൃത്തികൾ ടെണ്ടർ നടപടി മുഖേനയാണ് മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ